# നബിദിനാഘോഷം: തെളിവുകൾ എന്ത് പറയുന്നു?

മറ്റാരേക്കാളും നബി(ﷺ)യെ സ്നേഹിക്കാൻ നാം ബാധ്യസ്ഥരാണ്. എങ്കിൽ മാത്രമേ നമ്മുടെ ഈമാൻ പൂർത്തിയാവുകയുള്ളൂ. എന്നാൽ എങ്ങനെ സ്നേഹിക്കണം എന്നതാണ് ഈ വിഷയത്തിൽ അടിസ്ഥാനപരമായി നാം മനസ്സിലാക്കേണ്ട കാര്യം. കാരണം, പല മതസ്തർക്കും അവരുടെ പ്രവാചകന്മാരോടും പുണ്യപുരുഷന്മാരോടുമുള്ള സ്നേഹം അതിരുവിട്ട് വഴിതെറ്റിപ്പോയതായി ചരിത്രം പഠിപ്പിക്കുന്നുണ്ട്. അവസാനം അത് അവരെ ആരാധിക്കുന്നതിലേക്ക് പോലും എത്തിയിട്ടുണ്ട്. അതുകൊണ്ടുതന്നെ നബി(ﷺ)യെ എങ്ങനെ സ്നേഹിക്കണം എന്ന കാര്യത്തിൽ ഇസ്‌ലാമിന് വ്യക്തമായ കാഴ്ചപ്പാടുണ്ട്. അഥവാ, ആ നബി(ﷺ) നമുക്ക് മാതൃക കാണിച്ചുതന്നതെല്ലാം സ്വീകരിക്കലും ജീവിതത്തിൽ പകർത്തലും അവിടുന്ന് വിലക്കിയതെല്ലാം ഉപേക്ഷിക്കലുമാണ് ആ സ്നേഹംകൊണ്ട് ഇസ്‌ലാം ഉദ്ദേശിക്കുന്നത്. അതിലപ്പുറം ജന്മദിനത്തിലോ ജന്മമാസത്തിലോ മാത്രം പ്രത്യേകമായി കുറെ ആഘോഷങ്ങൾ സംഘടിപ്പിക്കലോ ആചാരങ്ങൾ നടപ്പിലാക്കലോ അവിടത്തോടുള്ള സ്നേഹത്തിന്റെ പരിധിയിൽ വരികയില്ല.

എന്നാൽ, ഇന്നത്തെ നമ്മുടെ സമൂഹം മനസ്സിലാക്കിയിട്ടുള്ളത് പ്രവാചക സ്നേഹം എന്നത് മുകളിൽ പറഞ്ഞതുപോലെ റബീഉൽഅവ്വൽ മാസത്തിൽ നബി(ﷺ) ജനിച്ച ദിവസത്തിൽ പ്രത്യേകമായ ആഘോഷം സംഘടിപ്പിക്കലാണെന്നാണ്. അതിനാൽ നാം പരിശോധിക്കേണ്ടത് അത്തരമൊരു ആഘോഷത്തിന് ഇസ്‌ലാമിൽ വല്ല മാതൃകയുമുണ്ടോ എന്നാണ്. തെളിവുകൾ എന്ത് പറയുന്നു എന്ന് നമുക്ക് നോക്കാം.

### വിശുദ്ധ ഖുർആൻ എന്ത് പറയുന്നു?

ഇസ്‌ലാമിന്റെ ഒന്നാം പ്രമാണം വിശുദ്ധ ഖുർആനാണല്ലോ? അതിനാൽ നമുക്കിടയിൽ തർക്കം നിലനിൽക്കുന്ന നബിദിനാഘോഷത്തെക്കുറിച്ച് ഖുർആൻ എന്ത് പറയുന്നുവെന്ന് ആദ്യമായി നമുക്ക് പരിശോധിക്കാം.

വിശുദ്ധഖുർആൻ നാല് മാസങ്ങൾക്ക് മറ്റു മാസങ്ങളേക്കാൾ പ്രത്യേകത കൽപിക്കുകയും ആ മാസങ്ങളിൽ യുദ്ധം ഹറാമാക്കുകയും അവയെ പവിത്രമാസങ്ങളായി കണക്കാക്കണമെന്ന് ആഹ്വാനം ചെയ്യുകയും ചെയ്തിട്ടുണ്ട്. (സൂറഃ തൗബ: 36) അത് മുഹർറം, റജബ്, ദുൽഖഅദ്, ദുൽഹജ്ജ് എന്നീ മാസങ്ങളാണെന്ന് സകല ഖുർആൻ വ്യാഖ്യാതാക്കളും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ, ആ പവിത്രമാസങ്ങളുടെ കൂട്ടത്തിൽ റബീഉൽ അവ്വലിനെ ഉൾപ്പെടുത്തിയിട്ടില്ല എന്നത് പ്രത്യേകം ശ്രദ്ധേയമാണ്. മൗലിദാഘോഷക്കാർ പറയുംപോലെ നബി(ﷺ)യുടെ ജന്മമാസമായ റബീഉൽ അവ്വലിന് വല്ല പ്രത്യേകതയും പോരിശയുമുണ്ടായിരുന്നെങ്കിൽ റബീഉൽഅവ്വലിനെ ഏറ്റവും ചുരുങ്ങിയത് പവിത്രമാസങ്ങളുടെ കൂട്ടത്തിലെങ്കിലും ഉൾപ്പെടുത്തേണ്ടതായിരുന്നുവല്ലോ?!

മാത്രമല്ല, പല പ്രവാചകന്മാരുടെയും ചരിത്രങ്ങൾ ദീർഘമായും ഹ്രസ്വമായും ഖുർആൻ ഉദ്ധരിച്ചിട്ടുണ്ട്. അവരിൽ ചിലരുടെ പേരിൽ അധ്യായങ്ങൾതന്നെയുണ്ട്. (ഉദാ:- സൂറഃ ഇബ്രാഹീം, സൂറഃ നൂഹ്, സൂറഃ ഹൂദ്, സൂറഃ മുഹമ്മദ്) എന്നാൽ ആകൂട്ടത്തിൽ അവരിലാരുടെയെങ്കിലും ജന്മദിനമോ ചരമദിനമോ പറഞ്ഞിട്ടില്ല. അവരുടെ ജന്മദിനത്തിനും ചരമദിനത്തിനും മതത്തിൽ വല്ല പുണ്യവും പ്രത്യേകതയുമുണ്ടായിരുന്നെങ്കിൽ പരിശുദ്ധ ഖുർആൻ അത് പറയാതെ വിട്ടുകളയുകയില്ലായിരുന്നു.!

### ഹദീസുകൾ (സുന്നത്ത്) എന്ത് പറയുന്നു?

ഇസ്‌ലാമിന്റെ അടിസ്ഥാന പ്രമാണങ്ങളിൽ രണ്ടാമത്തേത് നബി(ﷺ)യുടെ സുന്നത്തുകൾ ക്രോഡീകരിച്ച ഹദീസുകളാണ്. സ്വഹീഹുൽ ബുഖാരി, സ്വഹീഹ് മുസ്‌ലിം, അബൂദാവൂദ്, ഇബ്നുമാജ..... എന്നിങ്ങനെ നിരവധി ഹദീസ്ഗ്രന്ഥങ്ങളിലായി അവ ക്രോഡീകരിക്കപ്പെട്ടുകിടക്കുന്നു. എന്നാൽ അവയിലും നബി(ﷺ)യുടെ ജന്മദിനമാഘോഷിക്കുന്നതിനെ സംബന്ധിച്ച് ഒരു സൂചനപോലും കാണാൻ സാധ്യമല്ല.

ഹദീസുകൾ പരിശോധിച്ചാൽ വളരെ ചെറുതും നിസ്സാരമായതുമായ കാര്യങ്ങളുടെപോലും പുണ്യവും പ്രതിഫലവും വിശദീകരിച്ചതായി കാണാം. (ഉദാ: വഴിയിൽ നിന്ന് ചെറിയൊരു ഉപദ്രവം നീക്കിയാൽ ലഭി

ക്കുന്ന പ്രതിഫലം, മലമൂത്ര വിസർജ്ജന സ്ഥലത്തേക്ക് പ്രവേശിക്കുമ്പോൾ ഏത് കാൽ ആദ്യം എടുത്തു വെക്കണം? അതിനുള്ള പ്രതിഫലമെന്ത്?... തുടങ്ങിയ കാര്യങ്ങൾ) എന്നാൽ നബി(ﷺ)യുടെ ജന്മദിനമാഘോഷിക്കൽ വല്ല പുണ്യവുമുള്ള കാര്യമായിരുന്നെങ്കിൽ (വഴിയിൽനിന്നൊരു മുള്ള് മാറ്റിയിടുന്നതിന്റത്ര പ്രതിഫലമെങ്കിലുമുണ്ടായിരുന്നെങ്കിൽ..) ഒരിക്കലും അത് പറഞ്ഞുതരാതെ നബി(ﷺ)വിട്ടുകളയുമായിരുന്നില്ല. കാരണം അവിടുന്ന് പറഞ്ഞത് “നിങ്ങളെ സ്വർഗ്ഗത്തിലേക്ക് അടുപ്പിക്കുകയും നരകത്തിൽ നിന്ന് അകറ്റുകയും ചെയ്യുന്ന ഏതൊരു സംഗതിയും നിങ്ങൾക്ക് വിവരിച്ചുതരാതെ ഞാൻ ബാക്കിവെച്ചിട്ടില്ല.” എന്നാണല്ലോ. അപ്പോൾ നബിദിനാഘോഷം സ്വർഗ്ഗത്തിലേക്ക് നയിക്കുന്നതോ നരകത്തിൽനിന്നകറ്റുന്നതോആയ വളരെ ചെറിയ ഒരു പുണ്യകർമ്മമെങ്കിലുമായിരുന്നെങ്കിൽ പ്രാധാന്യപൂർവ്വം അവിടുന്ന് അത് പഠിപ്പിക്കുമായിരുന്നു! എന്നാൽ അതിനെക്കുറിച്ച് വ്യംഗ്യമായ ഒരു വാക്ക് പോലും അവിടുന്ന് പറഞ്ഞിട്ടില്ല! അതുകൊണ്ടുതന്നെ അത് മതത്തിൽപെട്ട കാര്യമല്ല എന്ന് അതിലൂടെ നമുക്ക് മനസ്സിലാക്കാം.

മാത്രമല്ല, ഹദീസുകളിൽ ചില മാസങ്ങളുടെ ശ്രേഷ്ഠതകൾ പറയുന്ന നിരവധി ഹദീസുകളുണ്ട്. ചില ഹദീസ്ഗ്രന്ഥങ്ങളിൽ അത്തരത്തിലുള്ള തലക്കെട്ടുകൾ തന്നെ കാണാം. (ഉദാ: - ‘ബാബു ഫള്‌ലി ശഹ്‌രി റമളാൻ’ (റമളാൻ മാസത്തിന്റെ ശ്രേഷ്ഠതകൾ പറയുന്ന അദ്ധ്യായം) ഇങ്ങനെ വേറെയും കാണാം. ഇത്തരം മാസങ്ങളിൽ പ്രത്യേകമായി അനുഷ്ഠിക്കേണ്ട കാര്യങ്ങളെ സംബന്ധിച്ചും അവയിൽ പറയുന്നുണ്ട്. എന്നാൽ ഈ ഭൂമിലോകത്തെ ഏതെങ്കിലുമൊരു ഹദീസ് ഗ്രന്ഥത്തിൽ ‘ബാബു ഫള്‌ലി ശഹ്‌രി റബീഇൽഅവ്വൽ’ (റബീഉൽഅവ്വൽ മാസത്തിന്റെ ശ്രേഷ്ഠതകൾ പറയുന്ന അദ്ധ്യായം) എന്ന ഒരദ്ധ്യായമോ അല്ലെങ്കിൽ ആ ദിവസത്തിലോ മാസത്തിലോ ചെയ്യേണ്ടുന്ന ആചാരാനുഷ്ഠാനങ്ങളെക്കുറിച്ചോ ഒരിക്കലും കണ്ടെത്താൻ സാധിക്കുകയില്ല.!

ഇസ്‌ലാമിന്റെ ചില ശത്രുക്കൾ തങ്ങളുടെ ചില കാര്യലാഭങ്ങൾക്കുവേണ്ടി റജബ്, ശഅ്ബാൻ എന്നീ മാസങ്ങളിൽ പ്രത്യേകം ചെയ്യാൻ വേണ്ടി പുതിയ പല ആചാരങ്ങളുമുണ്ടാക്കുകയുണ്ടായി. അവക്ക് മത പരിവേഷം നൽകാൻ വേണ്ടി അവർ സ്വീകരിച്ച ഹീനമായ മാർഗ്ഗം, ആമാസങ്ങളുടെ ഇല്ലാത്ത പോരിശകൾ പറഞ്ഞുകൊണ്ട് നബി(ﷺ)യുടെ പേരിൽ വ്യാജ ഹദീസുകളുണ്ടാക്കുക എന്നതായിരുന്നു. എന്നാൽ ഇത്രവരെ ചെയ്ത ആ ദുഷ്ടന്മാർപോലും റബീഉൽഅവ്വൽമാസത്തിനോ നബിജന്മദിനത്തിനോ വല്ല പോരിശകളും പറഞ്ഞുകൊണ്ടുള്ള ഒരു കള്ളഹദീസ് പോലും നിർമ്മിച്ചില്ല എന്നതും ഏറെ ശ്രദ്ധേയമാണ്.

മാത്രമല്ല, മുസ്‌ലിംകൾക്ക് മതപരമായി ആഘോഷിക്കാൻ രണ്ട് ആഘോഷങ്ങൾ മാത്രമാണ് ഇസ്‌ലാം നിശ്ചയിച്ചിട്ടുള്ളത്. അത് നമുക്കറിയാവുന്നതുപോലെ ഈദുൽ ഫിത്വ്റും ഈദുൽ അള്ഹയുമാണ്. അഥവാ ചെറിയ പെരുന്നാളും ബലിപെരുന്നാളും. എന്നാൽ നബിദിനാഘോഷം എന്ന് പറഞ്ഞുകൊണ്ട് മറ്റൊരാഘോഷം ഇസ്‌ലാം പഠിപ്പിച്ചിട്ടില്ല.

കൂടാതെ, എല്ലാകാര്യത്തിലും നമുക്ക് മാതൃക കാണിച്ചുതരേണ്ട നബി(ﷺ) ഇത്തരമൊരു ആഘോഷം നടത്തി നമുക്ക് മാതൃക കാണിച്ചിട്ടുണ്ടോ? ഇല്ല; ഒരിക്കലുമത് കണ്ടെത്താൻ സാധിക്കുകയില്ല. നബി(ﷺ)ക്കുമുമ്പ് ലക്ഷക്കണക്കിന് പ്രവാചകന്മാർ കഴിഞ്ഞുപോയിട്ടുണ്ടല്ലോ. എന്നാൽ അവരിലാരുടെയെങ്കിലും ജന്മദിനം നബി(ﷺ) ആഘോഷിച്ചിട്ടില്ല. അതുപോലെതന്നെ, അവിടത്തെ സ്വന്തം ജന്മദിനവും ഒരിക്കൽ പോലും ആഘോഷിച്ചിട്ടില്ല. 63-ാം വയസ്സിലാണല്ലോ അവിടുന്ന്(ﷺ) വഫാത്താകുന്നത്. ആകാലത്തിനിടക്ക് ചുരുങ്ങിയത് 62 റബീഉൽഅവ്വലുകളെങ്കിലും കഴിഞ്ഞുപോയിട്ടുണ്ടാകുമല്ലോ. പക്ഷെ, അതിലേതെങ്കിലുമൊരു റബീഉൽഅവ്വലിൽ മറ്റു മാസങ്ങളിലും ദിവസങ്ങളിലുമില്ലാത്ത എന്തെങ്കിലുമൊരാചാരം പ്രത്യേകത കൽപിച്ചുകൊണ്ട് ചെയ്തതായി എവിടേയും കണ്ടെത്താൻ സാധിക്കുകയില്ല. ഇന്നത്തെപ്പോലെ വിപുലമായ രൂപത്തിൽ വേണ്ട, ചെറിയരൂപത്തിൽ പോലുമുണ്ടായിട്ടില്ല. ഒരു കാരക്കകഷ്ണമെങ്കിലും ദാനം ചെയ്തുകൊണ്ടോ, ഒരുവരിയെങ്കിലും മദ്ഹ് പാരായണം ചെയ്തുകൊണ്ടോ, ഒരുമീറ്ററെങ്കിലും റാലി സംഘടിപ്പിച്ചുകൊണ്ടോ ഉണ്ടായിട്ടില്ല...! അപ്പോൾ, ഇസ്‌ലാമിന്റെ രണ്ടാം പ്രമാണമായ ഹദീസുകളിലും നബി(ﷺ)യുടെ ജന്മദിനത്തെകുറിച്ച് അരവരിപോലുമില്ല എന്ന് വ്യക്തമായി.

**ഉത്തമ തലമുറകൾ ആഘോഷിച്ചിട്ടുണ്ടോ?**

“നിങ്ങളിൽ ഏറ്റവും ഉത്തമ തലമുറ എന്റെ കാലത്തുള്ളവരാണ്. ശേഷം ഉത്തമർ അവർക്കുശേഷമുള്ളവരും ശേഷം അവർക്കുശേഷമുള്ളവരും” എന്ന് നബി(ﷺ) പറഞ്ഞിട്ടുണ്ട് (ബുഖാരി. ഹദീസ് നമ്പർ: 2651). ഈ അടിസ്ഥാനത്തിൽ, മാതൃകായോഗ്യരായ ആ ഉത്തമ തലമുറക്കാർ നബി(ﷺ)യുടെ ജന്മദിനമാഘോഷിച്ചിട്ടുണ്ടോ എന്ന് നമുക്ക് പരിശോധിക്കാം.

ഉത്തമരായ മുൻഗാമികളുടെ കൂട്ടത്തിൽ ഒന്നാം സ്ഥാനത്തുനിൽക്കുന്നത് നബി(ﷺ)യുടെ സ്വഹാബികളാണ് എന്നതിൽ തർക്കമില്ലല്ലോ? അവരിൽതന്നെ നബി(ﷺ)യുമായി ഏറ്റവും കൂടുതൽ സാമീപ്യം പുലർത്തിയിരുന്നത് അവിടത്തോടൊപ്പം ജീവിതം പങ്കിട്ട, ‘ഉമ്മഹാത്തുൽ മുഅ്മിനീൻ’ (സത്യവിശ്വാസി

കളുടെ മാതാക്കൾ) എന്ന് ഖുർആൻ വിശേഷിപ്പിച്ച സ്വന്തം ഭാര്യമാരാണ്. അവരിൽ പലരും നബി(ﷺ)യുടെ വഫാത്തിനുശേഷവും പതിറ്റാണ്ടുകളോളം ജീവിച്ചിട്ടുണ്ട്. ആകാലങ്ങളിലെല്ലാം ഒരുപാട് റബീഉൽഅവ്വലുകളും കടന്നുപോയിട്ടുണ്ട്. പക്ഷെ, അതിൽ ഏതെങ്കിലുമൊന്നിൽ, 12ലോ അല്ലെങ്കിൽ ആമാസത്തിലെ മറ്റേതെങ്കിലും ദിവസത്തിലോ "ഇന്ന് നമ്മുടെ പുന്നാര ഭർത്താവിന്റെ ജന്മദിനമാണല്ലോ, അതിനാൽ നമുക്ക് ഒരുസ്വലാത്തെങ്കിലും അധികമായിചൊല്ലാം..., ഒരു ദീനാറെങ്കിലും ദാനംചെയ്യാം..." എന്നിങ്ങനെ പറഞ്ഞതായോ ചെയ്തതായോ കാണാൻ സാധിക്കുകയില്ല. അവർക്കാർക്കും നബി(ﷺ)യോട് സ്നേഹമില്ലാത്തതുകൊണ്ടായിരുന്നോ അത്? അങ്ങനെ ചിന്തിക്കാൻ പോലും നമുക്ക് സാധ്യമല്ല. പിന്നെയോ? നബി(ﷺ)അങ്ങനെ അവരെ പഠിപ്പിക്കാതിരുന്നതുകൊണ്ടുതന്നെ!!

പിന്നീട് നബി(ﷺ)യെ ഏറ്റവുംകൂടുതൽ അടുപ്പം പുലർത്തിയിരുന്നത് അവിടുത്തെ സ്വഹാബിമാരായിരുന്നുവല്ലോ. അവർ നബി(ﷺ)യോട് കാണിച്ചിരുന്ന സ്നേഹം നമ്മുടെ വാക്കുകൾകൊണ്ടോ വരികൾകൊണ്ടോ വിശദീകരിക്കാൻ സാധ്യമല്ല. അത്രമാത്രം തീവ്രവും വൈകാരികവുമായിരുന്നു അത്. എന്നാൽ, ആ സ്വഹാബികളിൽ ഭൂരിപക്ഷവും നബി(ﷺ) യുടെ വഫാത്തിനു ശേഷവും ദീർഘകാലം ജീവിച്ചവരാണ്. പക്ഷെ, അവരിലാരും, ഏതെങ്കിലുമൊരു റബീഉൽഅവ്വലിൽ ജന്മദിനമാഘോഷിച്ചതായി ഒരു ചരിത്രത്തിലും കാണാൻ സാധ്യമല്ല.! അതും ഇന്നത്തെപ്പോലെ വിപുലമായ രൂപത്തിൽ വേണ്ട, നിസ്സാരമായ രൂപത്തിൽ പോലുമുണ്ടായിട്ടില്ല.!! അരഗ്ലാസ് പാലെങ്കിലും വിതരണം ചെയ്തുകൊണ്ട്...?!, അരവരിയെങ്കിലും മൗലിദ് പാരായണം ചെയ്തുകൊണ്ട്....?!, ഒരുമീറ്ററെങ്കിലും ഘോഷയാത്ര നടത്തിക്കൊണ്ട്....?! ഇല്ലേഇല്ല.!! ഒരു ദുർബ്ബല ഹദീസിൽ പോലും ഇത്തരം കാര്യങ്ങൾ പരാമർശിക്കുന്നില്ല.

സ്വന്തം ജീവനേക്കാൾ നബി(ﷺ)യെ സ്നേഹിച്ച മേൽ സ്വഹാബികളുടെ കൂട്ടത്തിൽതന്നെ ഏറ്റവും പ്രഗൽഭരായിരുന്നല്ലോ 'ഖുലഫാഉർറാശിദീൻ'എന്ന പേരിൽ പ്രസിദ്ധരായ, നബി(ﷺ)ക്ക് ശേഷം ഇസ്ലാമിക ഭരണം നടത്തിയ, അബൂബക്കർ(റ), ഉമർ(റ), ഉസ്മാൻ(റ), അലി(റ) എന്നീ സച്ചരിതരായ നാല് ഖലീഫമാർ. അവരുടെ ഭരണകാലത്ത് നബി(ﷺ) യുടെ ജന്മദിനത്തിന് അവധിനൽകുന്ന പതിവുപോലുമുണ്ടായിരുന്നില്ല എന്നതല്ലേ യാഥാർത്ഥ്യം? (ഇന്നും നബി(ﷺ) ജനിച്ചുവളർന്ന മക്കയും മരിച്ച മദീനയുമുൾകൊള്ളുന്ന സൗദിഅറേബ്യയിലും മറ്റുപല ഇസ്ലാമിക രാഷ്ട്രങ്ങളിലും നബിദിനാവധിയില്ല എന്നതും പ്രത്യേകം ഓർക്കുക.)

സച്ചരിതരായ മുൻഗാമികളിൽ പിന്നീട് ഉൾപ്പെടുന്ന താബിഉകളും അവരെ തുടർന്നുവന്ന തബ്ഉത്താബിഉകളും ഇത്തരമൊരു നബിദിനാഘോഷം ആചരിച്ചിട്ടില്ല എന്നതും യാഥാർത്ഥ്യമാണ്.

**ശാഫിഈ മദ്ഹബ് എന്ത് പറയുന്നു?**

നമ്മുടെ നാടുകളിലെയെല്ലാം ഭൂരിപക്ഷം മുസ്ലിംകളും ശാഫിഈ മദ്ഹബുകാരാണെന്നവകാശപ്പെടുന്നവരാണ്. അതിനാൽ നബിദിനാഘോഷത്തെക്കുറിച്ച് ശാഫിഈ മദ്ഹബിന്റെ വീക്ഷണമെന്താണെന്ന് നമുക്കൊന്ന് പരിശോധിക്കാം.

ശാഫിഈ മദ്ഹബിന്റെ ഔദ്യോഗിക ഇമാമായ ഇമാം ശാഫിഈ(റ)യുടെയും, 'രണ്ടാംശാഫി' എന്ന പേരിലറിയപ്പെടുന്ന ഇമാം നവവി(റ)യുടെയും, ഈ മദ്ഹബിലെ മറ്റു പ്രാമാണിക പണ്ഡിതന്മാരുടേയുമെല്ലാം നിരവധി കിതാബുകൾ ഇന്ന് നമ്മുടെ നാട്ടിലെ പള്ളിദർസുകളിൽ തന്നെ ഓതിപ്പഠിപ്പിക്കുന്നുണ്ട്. അവയിലെല്ലാം വളരെ നിസ്സാരമായ കാര്യങ്ങളെക്കുറിച്ചുപോലും വിശദമായ ചർച്ചകൾ കാണാൻ സാധിക്കും. എന്നാൽ, ഇത്രവലിയ 'പുണ്യ'വും 'പോരിശ'യുമുണ്ടെന്നവകാശപ്പെടുന്ന നബിദിനാഘോഷത്തെ സംബന്ധിച്ച് ഒരുവാക്കുപോലും അവയിലൊന്നും പരാമർശമില്ല എന്നത് പ്രത്യേകം ശ്രദ്ധേയമാണ്! അഥവാ, അവരുടെകാലത്തുപോലും ഈ അനാചാരം ഉടലെടുത്തിട്ടില്ല എന്നർത്ഥം. ഉണ്ടായിരുന്നെങ്കിൽ അവർ അത് പരാമർശിക്കാതെ വിട്ടുകളയുകയില്ലല്ലോ? മാത്രമല്ല, ഈവിഷയം ചർച്ച ചെയ്ത മദ്ഹബിലെ പിൽകാലക്കാരാകട്ടെ, അത് ഹിജ്റഃ മുന്നൂറിനുശേഷമാണെന്ന് ഉടലെടുത്തതെന്ന് വ്യക്തമായി സമ്മതിക്കുന്നുമുണ്ട്. ചില ഉദാഹരണങ്ങൾ കാണുക. ശാഫിഈ മദ്ഹബിലെ പ്രസിദ്ധ പണ്ഡിതനായ ഇമാം സുയൂത്വി ഇബ്നുഹജറുൽ അസ്ഖലാനി(റ)യുടെ ഈ വിഷയകമായ ഒരു മറുപടി ഉദ്ധരിക്കുന്നത് ഇപ്രകാരമാണ്: "കാലത്തിന്റെ ഹാഫിളും ഇസ്ലാമിന്റെ ശൈഖുമായ അബുൽഫള്ൽ അഹ്മ്മദി ബ്നുഹജറിനോട് നബിദിനാഘോഷത്തെ സംബന്ധിച്ച് ചോദിക്കപ്പെട്ടു. അദ്ദേഹം ഇങ്ങനെ മറുപടി പറഞ്ഞു: മൗലിദാഘോഷത്തിന്റെ അടിസ്ഥാനം തന്നെ ബിദ്അത്താണ് (അനാചാരമാണ്). മൂന്നു നൂറ്റാണ്ടുകളിലെ സച്ചരിതരായ മുൻഗാമികളിൽനിന്നൊരാളിൽ നിന്നുപോലും അത് നിവേദനം ചെയ്തതായി വന്നിട്ടില്ല." *(അൽ ഹാവി ലിൽഫതാവ 1/196)*

ഫത്ഹുൽമുഈനിന്റെ വ്യഖ്യാനഗ്രന്ഥമായ ഇആനത്തുത്വാലിബീനിൽ പറയുന്നു: "ഇമാം സഖാവി പറയുന്നു: നിശ്ചയമായും ഈ മൗലീദ് കഴിക്കുന്ന സമ്പ്രദായം ഹിജ്റ മൂന്ന് നൂറ്റാണ്ടുകൾക്ക് ശേഷം

പുതുതായി ഉണ്ടായതാണ്. .....രാജാക്കന്മാരിൽ നിന്ന് ആദ്യമായി മൗലിദ് സമ്പ്രദായം പുതുതായി ഉണ്ടാക്കിയത് അബൂസഈദ് എന്നറിയപ്പെടുന്ന മുളഫ്ഫർ രാജാവാണ്. ഇർബൽ രാജ്യത്തെ അധിപനായിരുന്നു അദ്ദേഹം. അദ്ദേഹത്തിനക്കാലത്ത് ഹാഫിളുബ്നു ദഹിയത്ത് എന്ന് പേരായ ഒരു പണ്ഡിതൻ 'അത്തൻവീർ ഫി മൗലീദിൽ ബശീറിന്നദീർ' എന്ന പേരിൽ ഒരു മൗലിദ് ഗ്രന്ഥം രചിച്ചുകൊടുത്തു. അതിന് സമ്മാനമായി ആയിരം ദീനാർ രാജാവ് അയാൾക്ക് നൽകി. ......ഹിജ്‌റ; 630 ൽ ഫ്രഞ്ചുകാർ ഉക്കാസ പട്ടണം വളയുകയും അതിൽ കുടുങ്ങി അയാൾ മരിക്കുകയും ചെയ്തു." *(ഇആനതുത്വാലിബീൻ 3/365,366)*

എത്ര വ്യക്തമാണ് കാര്യം! ഇസ്‌ലാമിന്റെ മൂല പ്രമാണങ്ങളായ വിശുദ്ധ ഖുർആനിലും നബി(ﷺ)യുടെ സുന്നത്തിലും മൗലിദാഘോഷത്തിന് യാതൊരു തെളിവുമില്ലെന്നും സച്ചരിതരായ 3 നൂറ്റുണ്ടുവരെയുള്ള ആരും ഇത് ആഘോഷിച്ചിട്ടില്ലെന്നും കാര്യകാരണ സഹിതം സമർത്ഥിച്ചിരിക്കുകയാണവർ. അപ്പോൾ ശാഫിഈ മദ്ഹബും നബിദിനാഘോഷത്തെ അംഗീക രിക്കുന്നില്ലെന്ന് മനസ്സിലാക്കാം.

**നുബാത്തിയ്യാ ഖുതുബയും നബിദിനാഘോഷവും**

കേരളക്കരയിലെ ഏതാണ്ടെല്ലാ സുന്നി പള്ളികളിലും വെള്ളിയാഴ്ചകളിൽ ജുമുഅഃ ഖുഥുബക്കുവേണ്ടി പാരായണം ചെയ്യുന്നത് നുബാത്തി ഖുതുബയാണല്ലോ? ഹിജ്‌റഃ 335ൽ ഈജിപ്തിൽ ജനിച്ച ഇബ്നുനുബാതത്ത് എന്ന് പേരുള്ള ഒരു പണ്ഡിതനാണ് ഇതിന്റെ കർത്താവ്. അദ്ദേഹത്തിന്റെ കാലത്തും ഇന്ന് ഇവർ ആഘോഷിക്കുന്ന നബിദിനാഘോഷമുണ്ടായിരുന്നില്ല എന്നതിന് ഈ ഖുഥുബാ സമാഹാരം തന്നെ വ്യക്തമായ തെളിവാണ്. ഇതിലെ ഖുഥുബകളുടെ കൂട്ടത്തിൽ റബീഉൽ അവ്വൽ മാസത്തിൽ നടത്തേണ്ടുന്ന അഞ്ച് ഖുഥുബകളുണ്ട്. എന്നാൽ അവയിലൊന്നിൽ പോലും നബി(ﷺ)യുടെ ജന്മദിനത്തെക്കുറിച്ചോ അതാഘോഷിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചോ ഒരു സൂചനപോലുമില്ല. എന്ന് മാത്രമല്ല, അതിൽ പറയുന്നത്, അവിടുത്തെ വഫാത്തിനെക്കുറിച്ചാണ്! പ്രസ്തുത ഖുതുബകളുടെ തലക്കെട്ടുകൾ തന്നെ ഇക്കാര്യം വ്യക്തമാക്കുന്നുണ്ട്. എന്നിട്ട് അതേ ഖതീബ് തന്നെ മിമ്പറിൽ നിന്നും താഴെയിറങ്ങിയാൽ ആ സത്യം മറച്ചുവെച്ചുകൊണ്ട് നബിദിനം ആഘോഷിക്കാനും ആഹ്ലാദിക്കുവാനും നേതൃത്വം കൊടുക്കുകയും ചെയ്യുന്നു. എന്തൊരു വൈരുധ്യമാണിത്?! നബി(ﷺ) യുടെ ജന്മദിനമാഘോഷിക്കൽ ഒരു പുണ്യമുള്ള കാര്യമായിരുന്നെങ്കിൽ ആ ഖുതുബകളിൽ അത് വളരെ പ്രാധാന്യപൂർവ്വം സ്ഥാനംപിടിക്കുമായിരുന്നുവല്ലോ?

**സുന്നി പണ്ഡിതന്മാരും അംഗീകരിക്കുന്നു**

നബി(ﷺ)യുടെ ജന്മദിനമാഘോഷിക്കൽ നബി(ﷺ) പഠിപ്പിക്കാത്തതാണെന്നും, നബിയെ സ്വന്തം ജീവനേക്കാൾ സ്നേഹിച്ച അവിടുത്തെ അനുചരന്മാരോ ഭാര്യമാരോ, 'ഉത്തമതലമുറ' എന്ന് നബി(ﷺ)തന്നെ വിശേഷിപ്പിച്ച മൂന്ന് നൂറ്റാണ്ടിലെ സജ്ജനങ്ങളോ ഇത് ആഘോഷിച്ചിട്ടില്ലെന്നും സമസ്തക്കാർതന്നെ സമ്മതിച്ചതായി അവരുടെ പ്രസിദ്ധീകരണങ്ങൾ പരിശോധിച്ചാൽ എമ്പാടും കാണാൻ സാധിക്കും. ചില ഉദാഹരണങ്ങൾ കാണുക:

"ജനങ്ങളെ സംഘടിപ്പിച്ചു റസൂലിന്റെ മദ്ഹുകൾ പറഞ്ഞും അന്നപാനീയങ്ങൾ വിതരണം ചെയ്തുകൊണ്ടുമുള്ള മീലാദാഘോഷം മൂന്നാം നൂറ്റാണ്ടിന്ന് ശേഷം അർബലയിലെ അനൂസഈദെന്ന പേരിലറിയപ്പെടുന്ന മുളഫ്ഫർ രാജാവാണ് തുടങ്ങിവെച്ചത്." *(മൗലീദും മീലാദാഘോഷവും. പേജ്: 13. പി.പി. ഹസ്സൻ ബാഖവി മുട്ടന്നൂർ)*

"റബീഉൽ അവ്വലിൽ നബി(സ)യുടെ ജന്മദിനാഘോഷം കൊണ്ടാടുന്ന രീതി സ്വഹാബികളുടെ കാലത്തോ ഉത്തമ നൂറ്റാണ്ടുകളിലോ ഉണ്ടായിരുന്നില്ലെന്നത് ശരിയാണ്." *(തെളിച്ചം മാസിക. 2011 ഫെബ്രുവരി. പേജ്: 44. ചെമ്മാട് ദാറുൽഹുദാ പ്രസിദ്ധീകരണം)*

"നബിതിരുമേനി(സ) യുടെ കാലത്ത് ഏതെങ്കിലും പ്രവാചകന്റെയോ പുണ്യപുരുഷന്റെയോ ജന്മദിനം കൊണ്ടാടുന്ന സമ്പ്രദായം നിലവിലില്ല. അതുകൊണ്ട് തന്നെ അതിനെ കുറിച്ച് തിരുമേനി വ്യക്തമായി ഒന്നും നിർദ്ദേശിച്ചിട്ടുമില്ല." *(അൽമുഅല്ലിം മാസിക. 2006 ഏപ്രിൽ. പേജ്: 7. സമസ്ത കേരള ജംഇയ്യത്തുൽ മുഅല്ലിമീൻ മുഖപത്രം)*

"നബി(സ)യുടെ ഉപദേശ നിർദ്ദേശങ്ങൾ ജീവിതത്തിൽ അക്ഷരം പ്രതി പകർത്തിയ ആദ്യ നൂറ്റാണ്ടുകാരുടെ കാലത്ത് ഇങ്ങനെയൊരു ജന്മദിനം കൊണ്ടാടേണ്ടുന്ന ആവശ്യം ഉണ്ടായിരുന്നില്ല. ....ഹിജ്‌റ നാലാം നൂറ്റാണ്ടുമുതൽ മുസ്‌ലിം ലോകത്ത് ഈ സമ്പ്രദായം നടപ്പിലാവുകയും തദ്‌വിഷയകമായി നിരവധി ഗ്രന്ധങ്ങൾ വിരചിതമാവുകയും ചെയ്തു." (സുന്നിവോയ്സ്, 1981 ഡിസംബർ 18. പുസ്തകം: 5, ലക്കം: 6. എസ്. വൈ. എസ്. മുഖപത്രം)

സുന്നി പണ്ഡിതന്മാർ അവരുടെ സ്വന്തം പുസ്തകങ്ങളിലൂടെയും പ്രസിദ്ധീകരണങ്ങളിലൂടെയും എഴു

തിവിട്ട വരികളാണ് മുകളിൽ നാം വായിച്ചത്. യാതൊരു വിശദീകരണത്തിന്റെയും ആവശ്യമില്ലാത്തവിധം, നബിദിനാഘോഷം ഹിജ്റ മുന്നൂറിനു ശേഷം മതത്തിലേക്ക് കടത്തിക്കൂട്ടിയ പുത്തനാചാരമാണെന്ന് ഇപ്പോൾ കൂടുതൽ വ്യക്തമായല്ലോ? നബി(ﷺ)യുടെ മദ്ഹെന്ന പേരിൽ റബീഉൽഅവ്വലിൽ പാരായണം ചെയ്യുന്ന മൗലീദുകളുടേയും അവസ്ഥ ഇതുതന്നെയാണ്.

എന്നാൽ, മതത്തിൽ പുത്തനാചാരങ്ങളുണ്ടാക്കുന്നതും അത് സ്വീകരിക്കലും അതനുസരിച്ച് പ്രവർത്തിക്കലും എത്ര ഗൗരവമുള്ള സംഗതിയാണെന്ന് മനസ്സിലാക്കിയിട്ടുണ്ടോ? നബി(ﷺ)യുടെ ചില വചനങ്ങൾ ശ്രദ്ധിക്കുക: "നമ്മുടെ ഈ മതത്തിൽ ആരെങ്കിലും എന്തെങ്കിലും പുതുതായി ഉണ്ടാക്കിയാൽ അത് തള്ളപ്പെടേണ്ടതാണ്." *(സ്വഹീഹ് മുസ്‌ലിം. ഹദീസ് നമ്പർ: 1718)*

"കാര്യങ്ങളിൽ ഏറ്റവും മോശമായത് മതത്തിൽ പുതുതായി ഉണ്ടാക്കിയവയാണ്. മതത്തിൽ പുതുതായി ഉണ്ടാക്കിയതെല്ലാം വഴികേടിലാണ്." *(സ്വഹീഹ് മുസ്‌ലിം ഹദീസ് നമ്പർ: 867)*

"നബി(ﷺ) പറഞ്ഞു: ഞാൻ ഹൗളുൽകൗസറിനടുത്ത് (വിചാരണക്കുമുമ്പ്) നിങ്ങളുടെ മുമ്പെത്തുന്നതാണ്. എന്റെ അരികെ വന്നവർ അതിൽ നിന്ന് കുടിക്കും. അതിൽനിന്ന് കുടിച്ചവർക്ക് പിന്നെ ഒരിക്കലും ദാഹിക്കുകയില്ല. ചില ആളുകൾ എന്റെ അടുത്ത് ഹൗളിങ്കൽ വരും. അവരെ ഞാൻ അറിയും. അവർ എന്നെയും അറിയും. പിന്നെ എന്റെയും അവരുടെയും ഇടയിൽ മറ ഇടപ്പെടുന്നതാണ്. അപ്പോൾ ഞാൻ വിളിച്ചു പറയും: അവർ എന്നിൽ (എന്റെ സമുദായത്തൽ) പെട്ടവരാണല്ലോ. അന്നേരം പറയപ്പെടും: താങ്കൾക്ക് ശേഷം അവർ (മതത്തിൽ) പുതുതായുണ്ടാക്കിയത് താങ്കൾ അറിയില്ല. തൽസമയം ഞാൻ പറയും: എന്റെ ശേഷം മതത്തെ (ബിദ്അത്തുകളുണ്ടാക്കി) വ്യതിയാനപ്പെടുത്തിയവർ ദൂരോപ്പോകൂ! ദൂരെപ്പോകൂ!!" *(സ്വഹീഹുൽ ബുഖാരി. ഹദീസ് നമ്പർ: 7583, സ്വഹീഹ് മുസ്‌ലിം, ഹദീസ് നമ്പർ: 1718)*

ചിന്തിക്കുക! മതത്തിൽ പുതുതായ പലതും കടത്തിക്കൂട്ടുകയും ആ ബിദ്അത്തുകൾ അനുഷ്ഠിക്കുകയും ചെയ്യുന്നവരെയും അതിന് മനസാ-വാചാ- കർമണാ അംഗീകാരം നൽകുന്നവരെയും എത്ര ഗൗരവത്തോടെയാണ് ഇസ്‌ലാം ശപിച്ചിരിക്കുന്നത്! അവർക്ക് ഹൗളുൽ കൗസറിൽ നിന്ന് പാനീയം നൽകാതെ, അവിടെ നിന്നും ആട്ടിക്കളയുമെന്നും പറയുമ്പോൾ ബിദ്അത്തുകളുടെ ഗൗരവമെത്രയാണ്?!

പ്രിയ സഹോദരാ, എല്ലാവിധ മുൻവിധികളും മാറ്റിവെച്ച്, പരലോകശിക്ഷയെ ഭയപ്പെട്ടുകൊണ്ട് ഇനിയെങ്കിലും ചിന്തിക്കുക! നാം ഇതിൽ ഏത് പക്ഷത്ത് നിൽക്കണം? പ്രമാണങ്ങളുടെ പക്ഷത്തോ അതോ അനാചാരത്തിന്റെ പക്ഷത്തോ? സ്വയം വിചാരണ നടത്തി തീരുമാനമെടുക്കുക! പക്ഷെ, ഒരു കാര്യം ഉറപ്പിച്ചു പറയുന്നു. പരിഹാസങ്ങൾക്കും കുപ്രചരണങ്ങൾക്കും അറുതിവരുത്തുന്ന മരണം! അത് സമീപത്തുതന്നെയുണ്ട്!! സത്യം ഉൾകൊള്ളാനും അനാചാരങ്ങൾ ഉപേക്ഷിക്കാനുമുള്ള ആർജ്ജവം അല്ലാഹു നമുക്ക് നൽകുമാറാകട്ടെ! ആമീൻ.